Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbcsite.com, www.kcbcsite.com

19.12.2009

All Kerala Press Release

***Ref:*** *236/KCBC/K-6/KPR/DS*

## രംഗനാഥ് മിത്ര കമ്മീഷൻ റിപ്പോർട്ട് ഉടനെ നടപ്പിലാക്കണം: കെ.സി.ബി.സി.

കൊച്ചി: ദളിത് ക്രൈസ്തവർക്കും മുസ്ലീംവിഭാഗത്തിനും പട്ടികജാതി പദവി നല്കണമെന്നും ഭാരതത്തിലെ ക്രൈസ്തവരായ ന്യൂനപക്ഷ സമുദായത്തിന് തൊഴിൽ വിദ്യാഭ്യാസ മേഖലകളിൽ അഞ്ച് ശതമാനവും മുസ്ലീം സമുദായത്തിന് പത്തു ശതമാനവും സംവരണം ശുപാർശ ചെയ്യുന്ന ജസ്റ്റീസ് രംഗനാഥ് മിത്ര കമ്മീഷൻ റിപ്പോർട്ട് ഉടനടി പ്രാബല്യത്തിൽ വരുത്തണമെന്നും കെ.സി.ബി.സി. ആവശ്യപ്പെട്ടു. ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷ അവകാശങ്ങൾ വിവിധ കോടതി വിധികളുടെ ഫലമായി സങ്കീർണമായിട്ടുള്ളതിനാൽ ന്യൂനപക്ഷ ങ്ങളുടെ അവകാശ സംരക്ഷണത്തിനായി ഭാരതത്തിൽ സമഗ്രമായ നിയമനിർമ്മാണം നടത്തണമെന്ന കമ്മീ ഷന്റെ ശുപാർശയും സ്വാഗതാർഹമാണ്. ഹിന്ദു സമൂഹത്തിന് മാത്രമായി നിജപ്പെടുത്തിയ പട്ടികജാതി ആനു കൂല്യങ്ങൾ പിന്നീട് സിഖ് ബുദ്ധവിഭാഗങ്ങൾക്ക് അനുവദിച്ചെങ്കിലും മുസ്ലീം, ക്രിസ്ത്യൻ, ജൈന, പാർസി വിഭാഗങ്ങളെ മാറ്റി നിറുത്തിയിരിക്കുന്നത് അനീതിയാണെന്നും കമ്മീഷൻ ചൂണ്ടികാട്ടിയിട്ടുണ്ട്. 1950 ആഗസ്റ്റ് 10 മുതൽ ദളിത് ക്രൈസ്തവരെ പട്ടികജാതി വിഭാഗത്തിൽ പെടുത്തണമെന്ന് ആവശ്യപ്പെട്ട് കെ.സി.ബി.സി. യുടെ ദളിത് കമ്മീഷൻ നിരവധി നിവേദനങ്ങൾ കേന്ദ്ര സംസ്ഥാനഗവർമെന്റുകൾക്ക് നൽകുകയും സത്യാഗ്ര ഹങ്ങൾ ഉൾപ്പെടെ പല തരത്തിലുള്ള സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ച് 2004 -ൽ കെ.സി.ബി.സി. യുടെ ആഭിമുഖ്യത്തിൽ സുപ്രീം കോടതിയിൽ അന്യായം സമർപ്പിച്ചിട്ടുണ്ട്. രംഗനാഥ് കമ്മീഷൻ റിപ്പോർട്ട് പാർലിമെന്റിൽ സമർപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ കമ്മീഷൻ നിർദ്ദേശങ്ങൾ ഉടനടി നട പ്പിലാക്കാനുള്ള പദ്ധതികൾ കേന്ദ്രസർക്കാർ ആവിഷ്കരിക്കണമെന്ന് കെ.സി.ബി.സി. പ്രസിഡന്റ് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ജനറൽ ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത് എന്നിവർ സംയു ക്തമായി അഭിപ്രായപ്പെട്ടു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

PRESIDENT
BISHOP DR. JOSHUA MAR IGNATHIOS
Amalagiri Catholic Bishop's House
Ponnamoodu, Mavelikara-690 101
Tel: +91-479-2344082, 2344082, Fax: 2344083
E-mail: marignathios@yahoo.co.in

SECRETARY GENERAL
ARCHBISHOP MAR ANDREWS THAZHATH
Archbishop's House
Trichur-680 005
Tel: +91-487-2333325, 2338203, Fax: 2338204
E-mail: athazhath@hotmail.com

DEPUTY SECRETARY GENERAL
DR. STEPHEN ALATHARA
Pastoral Orientation Centre
Palarivattom, Kochi-682 025
Tel: +91-484-2805722, 2805815, Fax: 2806214
E-mail: stephenalathara@gmail.com